LIBRARY ARCHIVES Kerala Legislative Assembly

2012-ൽ ഒക്ടോബർ 31 വരെ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

245 (T* 4580) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-ൽ ഒക്ടോബർ 31 വരെ സംസ്ഥാനത്ത് എത്ര പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ വാഹനങ്ങൾ ഉദ്യോഗസ്ഥർ പരിശോധിച്ച ശേഷമാണോ രജിസ്റ്റർ ചെയ്യാറുള്ളത് ;

(സി) ഓരോ ജില്ലയിലും ആർ.ടി. ഓഫീസുകളിലും 2012 ജനുവരി ഒന്നു മുതൽ രജിസ്റ്റർ ചെയ്ത ആദ്യ നമ്പറുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ മോട്ടോർ വാഹന നിയമം ലംഘിച്ച് സുതാര്യമല്ലാത്ത ഗ്ലാസ്സുകൾ ഫിറ്റ് ചെയ്ത എത്ര വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യിച്ചിട്ടുണ്ട് ; നിയമം പാലിക്കാത്ത എത്ര വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 8,09,776.

(ബി) അതെ.

(സി) അനുബന്ധമായി വച്ചിരിക്കുന്നു.*

(ഡി) മോട്ടാർ വാഹന വകുപ്പ് 94 വാഹനങ്ങളിൽ നിന്നും സൺ ഫിലിം നീക്കം ചെയ്തിട്ടുണ്ട്. നിയമം പാലിക്കാത്ത വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല. സംസ്ഥാന പോലീസ് വകുപ്പ് 2015 ജനുവരി 1 മുതൽ ജൂൺ 15 വരെ മോട്ടാർ വാഹന നിയമം ലംഘിച്ച് സുതാര്യമല്ലാത്ത ഗ്ലാസുകൾ ഫിറ്റ് ചെയ്ത 9399 വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും, അവ നീക്കം ചെയ്യുന്നതിന് വേണ്ടി താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഈ വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ കണക്ക് പ്രത്യേകം തയ്യാറാക്കിയിട്ടില്ല.

സ്വകാര്യ ബസ് സമരങ്ങൾമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

246 (4581) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിക്കടി ഉണ്ടാകുന്ന സ്വകാര്യ ബസ്സ് സമരങ്ങൾമൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അവസരങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മതിയായ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏർപ്പെടുത്താറുണ്ടോ ; ഇല്ലെങ്കിൽ ആയതിന് പ്രത്യേക ശ്രദ്ധ നൽകുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അവസരങ്ങളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. അധിക സർവ്വീസുകൾ നടത്താറുണ്ട്.

മോട്ടോർ വാഹന വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം

247 (4582) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പ് ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ഉൾപ്പെടെയുള്ള രേഖകൾ ഉടമയ്ക്ക് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് എത്തിച്ചു കൊടുക്കുന്നതെന്ന വ്യക്തമാക്കുമോ ;

(സി) അംഗീകൃത തിരിച്ചറിയൽ രേഖകളുമായി ഹാജരാകുന്നവർക്ക് രേഖകൾ നേരിട്ട് കൈമാറാൻ വ്യവസ്ഥയുണ്ടോയെന്ന വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിന്റെ ഓഫീസുകളിൽനിന്നും നേരിട്ട് കൈമാറിയ രേഖകൾ എത്രയെന്നും, സ്പീഡ് പോസ്റ്റ് വഴി അയച്ചവ എത്രയെന്നും ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിലയിരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സാമ്പത്തിക ഇടപാടുകൾ വിലയിരുത്തുന്നതിന് ഇന്റേണൽ ഓഡിറ്റ് വിംഗ്രം മറ്റ് പരാതികളുടെ നിജസ്ഥിതി വിലയിരുത്തുന്നതിന് ഇന്റേണൽ വിജിലൻസ് വിംഗ്രം പ്രവർത്തിക്കുന്നുണ്ട്.

(ബി) നേരിട്ടും സ്പീഡ് പോസ്റ്റ് വഴിയും നൽകുന്നു.

(സി) അംഗീകൃത തിരിച്ചറിയൽ രേഖകളുമായി ഹാജരാകുന്നവർക്ക് രേഖകൾ നേരിട്ട് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നേരിട്ടും സ്പീഡ് പോസ്റ്റ് വഴിയും അയച്ച രേഖകളുടെ 1-10-2014 മുതൽ 31-12-2014 വരെയും 1-1-2015 മുതൽ 30-6-2015 വരെയുമുള്ള കണക്കുകൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

(4349, 4359, 4363, 4365, 4372, 4386, 4387, 4417, 4429 എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly